**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6775** **21-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സവാരി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച കേരള സവാരി പദ്ധതി എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്നും ഇതുവരെ എത്ര പേർ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച കേരള സവാരി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരപരിധിയിൽ ആരംഭിക്കുകയും ഇതുവരെ 1552 ഓട്ടോറിക്ഷകളും, 340 ടാക്സികളും അംഗങ്ങളാകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | ഈ പദ്ധതിയുടെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഈ പദ്ധതി മുഖേന ഇതുവരെ എത്രപേർക്ക് പ്രയോജനം ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | **പദ്ധതിയുടെ ഭാഗമാകുന്ന ഡ്രൈവർമാർക്ക് സ്ഥിര വരുമാനം, സുരക്ഷിതമായ യാത്ര, സ്ഥിരമായ യാത്രാ നിരക്ക് എന്നിവ പദ്ധതി ഉറപ്പാക്കുന്ന പ്രയോജനങ്ങളാണ്. കേരള സവാരി പദ്ധതിയിൽ 16,448 യൂസർമാർ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുകയും 2234 റൈഡുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ